(ബി) ഇവിടെ ടെക്നോപാർക്ക് മാതൃകയിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഐ.ടി. മേഖലയിലെ പുതിയ സ്ഥാപനങ്ങൾ

234 (T* 3388) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി മേഖലയിൽ എത്ര സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ ഏതൊക്കെയെന്നും എത്ര പേർക്ക് ഇതുവഴി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 126 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഈ കമ്പനികളിൽ ഏകദേശം 17106 പേർക്ക് പ്രത്യക്ഷമായും ഇതിന്റെ നാല് മടങ്ങ് പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കീഴിൽ എറണാകുളം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ നാല് ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ഐ.റ്റി.ഐ.എൽ. ഇംപ്ലിമെന്റിംഗ് ഏജൻസിയായി ICT അക്കാദമി നിലവിൽ വന്നു. ഈ സ്ഥാപനങ്ങളിലായി 234 പേർക്ക് ജോലി ലഭിച്ചു. കൊച്ചി ഇൻഫോപാർക്കിന്റെ ക്യാംപസുകളിലും കാലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന ടെക്നോളജി ബിസിനസ്സ് സെന്ററിലുമായി 98-ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5200 -ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിന് കീഴിൽ നാല് ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. നാല് കമ്പനികളിലുമായി 80 -ഓളം പേർക്ക് ജോലി ലഭിച്ചു. സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് 40 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിലൂടെ 226 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ

235 (3389) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

* T ടൈപ്പ് ചെയ്ത ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഡിജിറ്റൽ ഇന്ത്യ പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തെ മിക്കവാറും വീടുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി സ്മാർട്ട് സിറ്റി

236 (3390) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സമാർട്ട് സിറ്റിയിൽ മൊത്തം എത്ര ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്; അതിൽ മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനായിരുന്നു പദ്ധതി ലക്ഷ്യം;

(ബി) നിർമ്മാണം പൂർത്തിയാകാറായ കെട്ടിടം എത്ര ചതുരശ്ര അടിയാണ്; ഇതിന്റെ എത്ര ശതമാനം ഏരിയ ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധ്യമാകും എന്ന് വ്യക്തമാക്കുമോ;

(സി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും വിശദമാക്കാമോ;

(ഡി) ഒരു സ്ക്വയർ മീറ്ററിന് എത്ര നിരക്കിലാണ് സ്പെയ്സ് അലോട്ട്മെന്റ് നടത്തിയിരിക്കുന്നത്; ഏതെങ്കിലും കമ്പനി ഇന്റീരിയർ ജോലികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) കമ്പനികൾക്കായി നീക്കിവച്ച മൊത്തം സ്ഥലവും പ്രവർത്തന ക്ഷമമാക്കാൻ ഇനിയും എത്ര മാസങ്ങൾ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; ഏതെങ്കിലും കമ്പനി സ്ഥലം ഏറ്റെടുത്ത് ജീവനക്കാരെ നിയോഗിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനും 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly